## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1391** **12-02-2025 - ൽ മറുപടിയ്ക്ക്**

## പാചക തൊഴിലാളികളുടെ ആനുകൂല്യങ്ങളിലെ കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാലയങ്ങളിൽ പാചകത്തൊഴിലാളികളെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | സ്കൂൾ തലത്തിൽ ഉച്ചഭക്ഷണപദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല സ്കൂൾ പിടിഎ പ്രസിഡന്റ് ചെയർമാനും പ്രധാന അധ്യാപകൻ,/ പ്രധാന അധ്യാപിക കൺവീനറുമായ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് തൊഴിലാളികളെ നിയമിക്കുന്നതും പ്രസ്തുത കമ്മിറ്റിയാണ്. കേന്ദ്ര മാർഗ്ഗരേഖ പ്രകാരം ഓണറേറിയം വ്യവസ്ഥയിലാണ് പാചകത്തൊഴി ലാളികളെ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾ നിയമിക്കുന്നത്. ഇപ്രകാരം സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി നിയമിക്കുന്ന പാചകത്തൊഴിലാളികൾക്ക് ഓണറേറിയം നൽകുക മാത്രമാണ് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ചെയ്തു വരുന്നത്.<br><br>പാചകത്തൊഴിലാളികളുടെ നിയമനത്തിൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കും, എസ്. സി, എസ്.റ്റി. ഒ.ബി.സി. ന്യൂനപക്ഷ വിഭാഗങ്ങളിൽ പ്പെടുന്നവർക്കും മുൻഗണന നൽകുന്നുണ്ട്. കൂടാതെ പാചകത്തിലെ വൈദഗ്ധ്യം, ആരോഗ്യം, ശുചിത്വം, പ്രാദേശിക പ്രാതിനിധ്യം എന്നിവയും കൂടി കണക്കിലെടുത്ത് കൊണ്ടാണ് പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തി നൽകുന്നതും നേത്ര-ചർമ്മ, ശ്വസകോശ സംബന്ധമായ രോഗങ്ങളില്ലായെന്ന് തെളിയി ക്കുന്നതുമായ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിയമനത്തിന പേക്ഷിക്കുന്ന ഘട്ടത്തിൽ പാചകത്തൊഴിലാളികൾ സമർപ്പിക്കേണ്ടതാണ്. നിലവിലെ വ്യവസ്ഥകൾ പ്രകാരം 500 കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു പാചക തൊഴിലാളിയേയും 500 കുട്ടികൾക്ക് മുകളിൽ രണ്ടു പാചക തൊഴിലാളികളെയും നിയമിക്കാവു ന്നതാണ്. |

| | | | |
|---|---|---|---|
| | | | പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധ മാക്കിയിട്ടുള്ളതും ഹെൽത്ത് കാർഡിന്റെ കാലാവധി തീരുന്നതിന് മുൻപായി അത് പുതുക്കുവാൻ നിഷ്കർഷിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ; അവർക്ക് നൽകേണ്ട വേതന, ആനുകൂല്യ ഇനങ്ങളിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഒരു നിശ്ചിത പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രതിഫലമായി ഓണറേറിയം കൈപ്പറ്റിക്കൊണ്ട് ജോലിയിൽ തുടരുന്ന സ്കൂൾ പാചകത്തൊഴിലാളികൾക്ക് പ്രതിമാസ ഓണറേറിയവും അവധിക്കാല സമാശ്വാസവും ഒഴികെ മറ്റൊരു തരത്തിലുള്ള ആനുകൂല്യങ്ങൾക്കും നിലവിലെ വ്യവസ്ഥകൾ പ്രകാരം അർഹതയില്ല. പാചകത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ മാൻഡേറ്ററി ഓണറേറിയം 1000 രൂപയാണ്. ആയതിൽ കേന്ദ്രവിഹിതം 600 രൂപയും സംസ്ഥാന വിഹിതം 400 രൂപയുമാണ്, എന്നാൽ പ്രസ്തുത തൊഴിലാളികൾക്ക് കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ വളരെ കൂടുതൽ തുക ഓണറേറിയം ഇനത്തിൽ സംസ്ഥാനം അധിക വിഹിതമായി നൽകുന്നുണ്ട്. കേരളത്തിൽ സ്കൂൾ പാചകത്തൊഴി ലാളികൾക്ക് നൽകുന്ന കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപയും പരമാവധി പ്രതിദിന ഓണറേറിയം 675 രൂപയുമാണ്. ഇപ്രകാരം പ്രതിമാസം കുറഞ്ഞത് 12000/- രൂപയും കൂടിയത് 13500/- രൂപയും സംസ്ഥാന അധിക വിഹിതം ഉപയോഗിച്ച് അനുവദിക്കുന്നുണ്ട് ഓണറേറിയത്തിന് പുറമേ സംസ്ഥാന സർക്കാർ പ്രത്യേക താല്പര്യമെടുത്ത് 2017 മുതൽ സ്കൂൾ വേനലവധിക്കാലമായ ഏപ്രിൽ, മേയ് മാസങ്ങളിൽ പാചകത്തൊഴിലാളികൾക്ക് സമാശ്വാസമായി പ്രതിമാസം 2000/- രൂപ അനുവദിക്കുന്നുമുണ്ട്. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/- രൂപ വീതവും, ഡിസംബർ മാസത്തെ മുഴുവൻ ഓണറേറിയവുമാണ് നിലവിൽ കുടിശ്ശികയായി വിതരണം ചെയ്യുവാൻ ഉള്ളത്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ എത്ര തുക കുടിശ്ശിക ഉണ്ടെന്നും ഏതു കാലയളവ് മുതലുള്ള കുടിശ്ശിക ഉണ്ടെന്നും തരം തിരിച്ച് വ്യക്തമാക്കാമോ; വിശദീകരിക്കുമോ; | (സി) | നിലവിൽ പാചകത്തൊഴിലാളികളുടെ ആഗസ്റ്റ് വരെയുള്ള മുഴുവൻ ഓണറേറിയവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സംസ്ഥാന അധിക വിഹിതത്തിൽ നിന്നുള്ള പാചകത്തൊഴിലാളികളുടെ ഓണറേറിയവും ഇതിനോടകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/- രൂപ വീതവും, ഡിസംബർ |

| | | | |
|---|---|---|---|
| | | | മാസത്തെ മുഴുവൻ ഓണറേറിയവുമാണ് നിലവിൽ കുടിശ്ശികയായി വിതരണം ചെയ്യുവാൻ ഉള്ളത്. കേന്ദ്ര സർക്കാർ റിലീസ് ചെയ്ത നടപ്പ് വർഷത്തെ ആദ്യ ഗഡുവിന്റെ ബാലൻസ് തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പി എഫ് എം എസ് സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് റിലീസ് ചെയ്താലുടൻ സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/- രൂപ വിതരണം ചെയ്യുന്നതാണ്. ഡിസംബർ മാസത്തെ സംസ്ഥാന അധിക വിഹിതത്തിൽ നിന്നുള്ള ഓണറേറിയം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. |
| (ഡി) | പ്രസ്തുത തൊഴിലാളികൾക്ക് കുടിശ്ശിക തീർത്ത് വേതനവും ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ പാചകത്തൊഴിലാളികളുടെ ആഗസ്റ്റ് വരെയുള്ള മുഴുവൻ ഓണറേറിയവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സംസ്ഥാന അധിക വിഹിതത്തിൽ നിന്നുള്ള പാചകത്തൊഴിലാളികളുടെ ഓണറേറിയവും ഇതിനോടകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/- രൂപ വീതവും, ഡിസംബർ മാസത്തെ മുഴുവൻ ഓണറേറിയവുമാണ് നിലവിൽ കുടിശ്ശികയായി വിതരണം ചെയ്യുവാൻ ഉള്ളത്. കേന്ദ്ര സർക്കാർ റിലീസ് ചെയ്ത നടപ്പ് വർഷത്തെ ആദ്യ ഗഡുവിന്റെ ബാലൻസ് തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പി എഫ് എം എസ് സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് റിലീസ് ചെയ്താലുടൻ സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/- രൂപ വിതരണം ചെയ്യുന്നതാണ്. ഡിസംബർ മാസത്തെ സംസ്ഥാന അധിക വിഹിതത്തിൽ നിന്നുള്ള ഓണറേറിയം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ